**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 166** **29-01-2024 - ൽ മറുപടിയ്ക്ക്**

**ബേക്കൽ ബീച്ച് ഫെസ്റ്റ് ഒന്നാം എഡിഷനിലെ ക്രമക്കേടുകളിൽ നപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബേക്കൽ ബീച്ച് ഫെസ്റ്റ് ഒന്നാം എഡിഷനിലെ അഴിമതികളും ക്രമക്കേടുകളും അന്വേഷിക്കണം എന്നാവശ്യപ്പെട്ട് വിജിലൻസിൽ നൽകിയ പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | പരാതി സംബന്ധിച്ച പ്രാഥമിക പരിശോധന നടത്തി വിജിലൻസ് ഡയറക്ടർ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. പരാതി പരിശോധനാ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | വിജിലൻസ് ഡയറക്ടറേറ്റിൽ 7239364/vigiD/23 നമ്പറിലും സെക്രട്ടറിയേറ്റ് വിജിലൻസ് നമ്പർ D2/144/23 നമ്പറിലും ഉള്ള പരാതിയിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിജിലൻസ് ഡയറക്ടറേറ്റിൽ 7239364/വിജിഡി/23 നമ്പരായി ഒരു പരാതി ലഭിച്ചിട്ടില്ല. സെക്രട്ടറിയേറ്റ് വിജിലൻസിൽ ലഭിച്ച ഡി2/144/23 നമ്പർ പരാതി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനും, വിനോദ സഞ്ചാര വകുപ്പിനും കൈമാറിയിട്ടുണ്ട്. |
| (സി) | പരാതിക്കാരനിൽ നിന്നും ഫെസ്റ്റ് ചെയർമാൻ, കൺവീനർ, കോഡിനേറ്റർ എന്നിവരിൽ നിന്നും വിജിലൻസ് മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; | (സി) | പരാതി പരിശോധനയിൽ മൊഴി രേഖപ്പെടുത്തിയിട്ടില്ല. |
| (ഡി) | എന്തൊക്കെ ക്രമക്കേടുകളും അഴിമതികളുമാണ് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്; വിശദാംശം അറിയിക്കുമോ; | (ഡി) | പരാതി സംബന്ധിച്ച പ്രാഥമിക പരിശോധന നടത്തി വിജിലൻസ് ഡയറക്ടർ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. പരാതി പരിശോധനാ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | ബേക്കൽ ഫെസ്റ്റ് രണ്ടാം എഡിഷനെക്കുറിച്ച് വന്നിട്ടുള്ള ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ വിജിലൻസ് സ്വമേധയാ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | ആരോപണങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ